**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

***നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 4231*** ***17.05.2017 ലെ മറുപടിക്ക്.***

## ***വിമാനക്കമ്പനികളുടെ കൊള്ള അവസാനിപ്പിക്കുവാൻ ഇടപെടലുകൾ***

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി. പി. സജീന്ദ്രൻ<br>ശ്രീ. അൻവർ സാദത്ത്<br>ശ്രീ. എൽദോസ് കുന്നപ്പിള്ളി<br>ശ്രീ. കെ. എസ്. ശബരീനാഥൻ | | ശ്രീ. പിണറായി വിജയൻ<br>**(മുഖ്യമന്ത്രി)** | |
| (എ) | കേരളത്തിൽ നിന്ന് ഗൾഫ് രാജ്യങ്ങളിലേയ്ക്കുള്ള യാത്രക്കാരുടെ തിരക്ക് ചൂഷണം ചെയ്ത് വിവിധ വിമാനക്കമ്പനികൾ യാത്രാക്കൂലിയിൽ ഉയർന്ന നിരക്ക് ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ഉണ്ട് |
| (ബി) | ഈ പകൽക്കൊള്ള നിയന്ത്രിക്കുവാൻ കേന്ദ്രസർക്കാർ ഇടപെടണമെന്ന, ഗതാഗത- വിനോദ മേഖലയുമായി ബന്ധപ്പെട്ട പാർലമെന്ററി സമിതിയുടെ ശുപാർശ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) | ഉണ്ട് |
| (സി) | വിമാനക്കമ്പനികളുടെ കൊള്ള അവസാനിപ്പിക്കുവാൻ സംസ്ഥാന സർക്കാർ എന്തെല്ലാം ഇടപെടലുകളാണ് ഇതിനകം നടത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (സി) | വിമാനക്കമ്പനികൾ അമിത യാത്രക്കൂലി ഈടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതും ഇക്കാര്യത്തിൽ ധാരാളം പരാതികളും നിവേദനങ്ങളും ലഭിച്ചിട്ടുള്ളതുമാണ്. ഈ വിഷയം ശ്രദ്ധയിൽപ്പെട്ട ഉടനെതന്നെ കേന്ദ്ര പ്രവാസി കാര്യമന്ത്രാലയവുമായും വിദേശകാര്യ മന്ത്രാലയവുമായും വ്യോമയാന മന്ത്രാലയവുമായും ബന്ധപ്പെട്ട് ഇക്കാര്യത്തിൽ അടിയന്തിര നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടിരുന്നു. എന്നാൽ വിമാന യാത്രാ |

നിരക്കുകൾ നിശ്ചയിക്കുന്നത് കേന്ദ്രവ്യോമയാന മന്ത്രാലയമല്ലെന്നും, 1937 ലെ എയർക്രാഫ്റ്റ് ചട്ടങ്ങൾ പ്രകാരം സർവ്വീസിന്റെ പ്രത്യേകത, നടത്തിപ്പ്, ചെലവ്, മിതമായ ലാഭം, യാത്രക്കാരുടെ തിരക്ക് എന്നിവ പരിഗണിച്ച് നിശ്ചയിക്കുന്നതിന് വിമാന കമ്പനികൾക്ക് പൂർണ്ണ അധികാരമുണ്ടെന്നുമാണ് കേന്ദ്ര വ്യോമയാന മന്ത്രാലയം അറിയിച്ചി ട്ടുള്ളത്. മാത്രവുമല്ല, ലോകത്തിലെ എല്ലാ വിമാന കമ്പനികളും യാത്രക്കാരുടെ തിരക്കിനനുസരിച്ചാണ് അവരുടെ വിമാന യാത്രാ നിരക്കുകൾ ക്രമീകരിച്ചിരിക്കുന്നത്. ആയതിനാൽ സംസ്ഥാന സർക്കാരിന് ഈ വിഷയത്തിൽ ഇടപെടുന്നതിന് പരിമിതികളുണ്ട്. എന്നിരുന്നാലും വിഷയത്തിന്റെ പ്രാധാന്യം കണ-ക്കിലെടുത്ത് സംസ്ഥാന സർക്കാർ കേന്ദ്രവ്യോമയാന മന്ത്രാലയവുമായും സിവിൽ ഏവിയേഷൻ ഡയറക്ടർ ജനറലുമായും ബന്ധപ്പെട്ട് പ്രശ്നപരി ഹാരത്തിന് ശ്രമിച്ചുവരുന്നുണ്ട്.

Sheejith

സെക്ഷൻ ഓഫീസർ.